For more materials visit www.educationobserver.com/forum

**10226** **120 MINUTES**

1. ശരിയായ പ്രസ്താവനയേത്?
   - A) ദന്ത്യമായ നകാരത്തിന് മലയാളത്തിൽ സ്വനിമത്വം ഉണ്ട്; തമിഴിൽ ഇല്ല.
   - B) സംവൃതോകാരത്തിന് മലയാളത്തിൽ സ്വനിമത്വം ഇല്ല.
   - C) തമിഴിൽ വർത്സ്യ സ്വരത്തിന് സ്വതന്ത്രമായ ഉച്ചാരണം ഉണ്ട്.
   - D) രേഫത്തിനും റ കാരത്തിനും തമിഴിലുംമലയാളത്തിലും ലയനം സംഭവിച്ചു.

2. 'നപുംസകേ മോദന്തേ' എന്ന സൂത്രം വിധിക്കുന്നത്
   - A) അം അംഗപ്രത്യയമാണ്.
   - B) അം–ൽ അവസാനിക്കുന്നവ ഉഭയലിംഗമാണ്.
   - C) അം–ൽ അവസാനിക്കുന്നവയെല്ലാം നപുംസകമാണ്.
   - D). അം നപുംസകലിംഗപ്രത്യയമാണ്.

3. മുയിരിക്കോടിനെക്കുറിച്ച് പരാമർശമുള്ള രേഖ
   - A) മാമ്പള്ളി ചെപ്പേട്
   - B) ജൂതചെപ്പേട്
   - C) ഹജ്ജൂർ ശാസനം
   - D) വീരരാഘവ പട്ടയം

4. 'മരഭനയയം' എന്ന ക്രമത്തിൽ ഗണങ്ങൾ വരുന്ന വൃത്തം
   - A) ശാർദ്ദൂലവിക്രീഡിതം
   - B) ഇന്ദുവദന
   - C) മദമന്ഥര
   - D) സ്രഗ്ധര

5. ധ്വനിസിദ്ധാന്തത്തെ വിമർശിക്കുന്ന ആധികാരിക ഗ്രന്ഥം
   - A) ലോചനം
   - B) വ്യക്തിവിവേകം
   - C) വക്രോക്തിജീവിതം
   - D) കാവ്യാലങ്കാരം

6. ചരിത്രം പ്രമേയമായിട്ടുള്ള ചമ്പൂകാവ്യം
   - A) സുജാതോദ്വാഹം
   - B) രാജരത്നാവലീയം
   - C) കൊടിയവിരഹം
   - D) അജ്ഞാനകുഠാരം

7. മലയാണ്മക്കു പുറമെ ലാറ്റിൻ, ഗ്രീക്ക്, സുറിയാനി, പോർട്ടുഗീസ് ഭാഷകൾ കാണുന്ന കൃതി
   - A) തുഫ്ഹത്തുൽ മുജാഹിദിൻ
   - B) ഹോർത്തുസ് മലബാറിക്കസ്
   - C) വർത്തമാന പുസ്തകം
   - D) സംക്ഷേപവേദാർത്ഥം

For more materials visit www.educationobserver.com/forum

8. മിശ്രസ്വരം എന്ന് എൽ.വി.ആർ വിളിച്ചത് ഏതു സ്വനത്തെയാണ്?
   A) സംവൃത അകാരത്തെ  B) സംവൃതോകാരത്തെ
   C) വിവൃത ഉകാരത്തെ  D) അർദ്ധവിവൃതസ്വരത്തെ

9. 'കവിത്വബീജം പ്രതിഭാനം' ആരുടെ അഭിപ്രായമാണിത്?
   A) ആനന്ദവർദ്ധനൻ  B) അഭിനവഗുപ്തൻ
   C) വാമനൻ  D) ലീലാതിലകകാരൻ

10. എടയ്ക്കൽ ഗുഹാചിത്രങ്ങളെപ്പറ്റി പഠിച്ച പ്രഥമപണ്ഡിതൻ
   A) വില്യം ലോഗൻ  B) പെഴ്സി മക്വീൻ
   C) ഫാസറ്റ്  D) തഴ്സ്റ്റൻ

11. ഘടകപദങ്ങൾക്കു പ്രധാന്യമില്ലാത്ത സമാസം
   A) ബഹുവ്രീഹി  B) അവ്യയീഭാവൻ
   C) ദ്വന്ദ്വൻ  D) തൽപുരുഷൻ

12. പരിഭാഷാരൂപത്തിൽ മലയാളത്തിൽ വന്ന പ്രഥമ തമിഴ്കൃതി
   A) തിരുക്കുറൾ  B) പതിറ്റുപ്പത്ത്
   C) ചിലപ്പതികാരം  D) പെരുമാൾ തിരുമൊഴി

13. നാനൂറാം പിറന്നാൾ ആഘോഷിച്ച മാപ്പിളപ്പാട്ട്
   A) ബദർപടപ്പാട്ട്  B) മൊഹിയുദ്ദീൻമാല
   C) ഹുസുനുൽജമാൽ  D) തുഫ്ഹത്തുൽ മുജാഹിദീൻ

14. ശുചീന്ദ്രം കൈമുക്കിനെപ്പറ്റി പരാമർശമുള്ള കാവ്യം
   A) ശുക സന്ദേശം  B) കോക സന്ദേശം
   C) ചാതക സന്ദേശം  D) ഉണ്ണുനീലീ സന്ദേശം

15. സംഘകാലത്തുണ്ടായിരുന്ന ഉപദേശകസമിതി
   A) ആയിരവർ  B) എൺമർസാമന്തർ
   C) എൺപെരായം  D) നാലുതളി

16. കൂടിയാട്ടത്തിൽ കാണുന്ന അനൗചിത്യാദികളെ ചൂണ്ടിക്കാണിച്ചിട്ടുള്ള ശാസ്ത്രഗ്രന്ഥം
   A) ആട്ടപ്രകാരം  B) നടാങ്കുശം
   C) ക്രമദീപിക  D) സരസ്വതീകണ്ഠാഭരണം

17. തീണ്ടൽ ആചാരത്തെ വിമർശിച്ച പ്രഥമ കൃതി
   A) ബാലാകലേശം  B) അജ്ഞാനകുഠാരം

For more materials visit www.educationobserver.com/forum

C) പറങ്ങോടീ പരിണയം D) പുലേലികുഞ്ചു

18. മലയാള വ്യാകരണം രചിച്ച പ്രഥമ വിദേശി
A) ഗുണ്ടർട്ട് B) കാൽഡ്വൽ
C) ആഞ്ജലോ ഫ്രാൻസിസ് D) ജോസഫ് പിറ്റ്

19. ഫാദർ ജരാർദ്ദിന്റെ പേര് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
A) നിഘണ്ടുനിർമ്മാണം B) അലങ്കാരശാസ്ത്രം
C) ഫോക്‌ലോർ D) വ്യാകരണം

20. കേരളത്തിലെ ഫോക്‌ലോർ സംബന്ധിയായ ഗ്രന്ഥം
A) ഹോർത്തുസ് മലബാറിക്കസ്
B) തുഹ്ഫത്തുൽ മുജാഹിദീൻ
C) ഗ്രന്ഥോനീക്കം ആൽഫബെറ്റും
D) അഗഡിയ മലബാറിക്ക

21. കുലവാണിയൻ ചാത്തൻ രചിച്ച കാവ്യം
A) ജീവക ചിന്താമണി B) മണിമേഖല
C) കുണ്ഡലകേശിനി D) ചിലപ്പതികാരം

22. നിന്റെ കഥ; എന്റെയും എന്ന ചെറുകഥ എഴുതിയത്
A) സി.രാധാകൃഷ്ണൻ B) സക്കറിയ
C) എൻ.മോഹനൻ D) ഗ്രേസി

23. സന്ദേശപ്പാട്ടുകളെക്കുറിച്ച് സൂചനയുള്ള കാവ്യം
A) ശുകസന്ദേശം B) കൊടിയവിരഹം
C) ഉണ്ണിയാടീ ചരിതം D) ഉണ്ണിച്ചിരുതേവീ ചരിതം

24. 'ചില സംഭവങ്ങളേയും പാത്രങ്ങളേയും കൂട്ടിയിണക്കി പാശ്ചാത്യസമ്പ്രദായത്തിലുള്ള ഒരു കഥ എഴുതണമെന്നതൊഴികെ മറ്റു ഉദ്ദേശ്യങ്ങളൊന്നും ഗ്രന്ഥകാരന് ഉണ്ടായിരുന്നതായി കാണുന്നില്ല' – ഏതു കൃതിയെക്കുറിച്ചാണ് എം.പി.പോൾ ഈ നിരീക്ഷണം നടത്തിയത്?
A) കുന്ദലത B) ഘാതകവധം
C) ഇന്ദുലേഖ D) സരസ്വതീവിജയം

25. 'ബയാഫ്ര' ആരുടെ കവിതയാണ്?
A) സച്ചിദാനന്ദൻ B) അയ്യപ്പപ്പണിക്കർ
C) ഒ.എൻ.വി.കുറുപ്പ് D) സുഗതകുമാരി

26. മറിയാമ്മാനാടകത്തിന്റെ രചയിതാവ്
A) കല്ലൂർ ഉമ്മൻ പീലിപ്പോസ് B) കൊച്ചീപ്പൻ തരകൻ

For more materials visit www.educationobserver.com/forum

C) സി.ജെ.തോമസ് D) സി.എൽ.ജോസ്

27. ജൈവമനുഷ്യൻ ആരുടെകൃതിയാണ്?
A) ആനന്ദ് B) ആഷാമേനോൻ
C) കെ.ദാമോദരൻ D) കെ.ഭാസ്ക്കരൻ നായർ

28. ആശാൻ വിവർത്തനം ചെയ്ത സംസ്കൃത നാടകം
A) സ്വപ്നവാസവദത്തം B) മൃച്ഛകടികം
C) ശാകുന്തളം D) പ്രബോധചന്ദ്രോദയം

29. ബി.മുരളിയുടെ കഥയാണ്
A) കൊമാല B) പിരിയൻഗോവണി
C) ഉമ്പർട്ടോഎക്കോ D) പറുദീസാനഷ്ടം

30. കേരളോദയം മഹാകാവ്യം രചിച്ചത്
A) കേരളവർമ്മ വലിയകോയിതമ്പുരാൻ
B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
C) കെ.എൻ.എഴുത്തച്ഛൻ
D) പുത്തൻകാവു മാത്തൻതരകൻ

31. കേരള സാഹിത്യ അക്കാദമിയുടെ പ്രഥമ പ്രസിഡന്റ്
A) മുണ്ടശ്ശേരി B) വള്ളത്തോൾ
C) കെ.എം.പണിക്കർ D) പുത്തേഴത്ത് രാമൻ മേനോൻ

32. കൗടലീയത്തിൽ പരാമൃഷ്ടമായിട്ടുള്ള കേരളത്തിലെ നദി
A) ചൂർണ്ണി B) ഭാരതപ്പുഴ
C) പമ്പ D) ചന്ദ്രഗിരിപ്പുഴ

33. 'കണ്ണീർപ്പാടത്തി'ലെ വ്യക്തിബന്ധങ്ങൾ നിരൂപണത്തിന് വിധേയമാക്കിയത്
A) കെ.ഭാസ്ക്കരൻ നായർ B) സി.എസ്.നായർ
C) എം.പി.ശങ്കുണ്ണി നായർ D) എം.പി.പോൾ

34. ഇത്രയും നേരം മരിച്ചുകിടന്നിട്ടും
ചത്തീല ജീവിത മോഹമെന്നോ – ആരുടെ വരികൾ?
A) അയ്യപ്പപ്പണിക്കർ B) കക്കാട്
C) അക്കിത്തം D) എൻ.വി.കൃഷ്ണവാരിയർ

35. ഭാഷാപോഷിണിയുടെ പ്രഥമ പത്രാധിപർ
A) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
B) കണ്ടത്തിൽ ചെറിയാൻ മാപ്പിള
C) കൊട്ടാരത്തിൽ ശങ്കുണ്ണി

For more materials visit www.educationobserver.com/forum

D) കെ.സി.പീറ്റർ

36. ഉണ്ണുനീലി സന്ദേശത്തിൽ പരാമൃഷ്ടമാവുന്ന ദേവീക്ഷേത്രം

A) ഏറ്റുമാനൂർ B) പനയന്നാർ കാവ്

C) മറ്റം D) കണ്ടിയൂർ

37. രമണീയാർത്ഥ പ്രതിപാദക:ശബ്ദ:കാവ്യം – ആരുടെ സൂത്രം?

A) ജഗന്നാഥ പണ്ഡിതർ B) അഭിനവ ഗുപ്തൻ

C) രാജശേഖരൻ D) മമ്മടൻ

38. ഖരവർണ്ണം ഒരു പ്രത്യയത്തിന്റെ ആദ്യാക്ഷരമായി വരുന്നിടത്തെല്ലാം ഈ നിയമം സാപ്രതികം

A) പുരുഷഭേദ നിരാസം B) അനുനാസികസംസർഗം

C) താലവ്യാദേശം D) അനുനാസികാതിപ്രസരം

39. ആശാന്റെ ലീല ഭർത്തൃഘ്നാതിനിയാണെന്ന് ആദ്യമായി അഭിപ്രായപ്പെട്ടത്

A) സാഹിത്യപഞ്ചാനനൻ B) വള്ളത്തോൾ

C) മുണ്ടശ്ശേരി D) മാരാർ

40. പ്രേതഭാഷണം എന്ന ചെറുകഥ രചിച്ചത്

A) സി.അയ്യപ്പൻ

B) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

C) വി.കെ.എൻ

D) എം.ആർ.കെ.സി

41. എത്ര നിർവികാരമിപ്പുതുതാം തലമുറ – ഏതു കവിതയിലെ വരികൾ?

A) ഇടിഞ്ഞുപൊളിഞ്ഞ ലോകം

B) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം

C) കണ്ണീർപ്പാടം

D) ഗസൽ

42. ഏതു രാജാവിന്റെ സദസ്യനായിരുന്നു അതുലൻ?

A) ശ്രീകണ്ഠൻ B) വലഭൻ

C) ഉദയവർമ്മ D) രാമഘടൻ

43. രാജാകേശവദാസന്റെ അപദാനങ്ങൾ കീർത്തിക്കുന്ന വില്ലടിച്ചാൻ പാട്ട്

A) കന്നടിയാൻപോര് B) അഞ്ചുതമ്പുരാൻ പാട്ട്

C) തിവാൻവെറ്റി D) കളിയാകുളത്തുപോര്

44. കേരളത്തിലെ ജൂതർ ഇസ്രായലിലേക്ക് എന്ന കവിത രചിച്ചത്

A) വൈലോപ്പിള്ളി B) വള്ളത്തോൾ

For more materials visit www.educationobserver.com/forum

C) ഉള്ളൂർ D) പാലാ നാരായണൻ നായർ

45. വൈ ഷുഡ് ഐ ബീ ഫ്രീ, ഹു വാൺഡ് ഫ്രീഡം – ഏതു നോവലിലെ വാക്കുകൾ?

A) ആവിലായിലെ സൂര്യോദയം B) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

C) മതിലുകൾ D) മനോമി

46. എപിക് സങ്കേതങ്ങളുപയോഗപ്പെടുത്തിയ നാടകമാണ്

A) സമത്വവാദി B) 1128 ൽ ക്രൈം 27

C) ലങ്കാലക്ഷ്മി D) ആശ്ചര്യചൂഡാമണി

47. കാന്തളൂർശാലയെപ്പറ്റി പരാമർശമുള്ള കൃതി

A) ഉണ്ണുനീലി സന്ദേശം B) കോക സന്ദേശം

C) അമോഘ രാഘവം D) അനന്തപുരവർണ്ണനം

48. ഒരൊറ്റസൂര്യനുമവളെക്കാൾ
നേർത്തേ പിടഞ്ഞെണീറ്റില – ഏതു കവിതയിലെ വരികൾ?

A) പെങ്ങൾ B) വിവാഹസമ്മാനം

C) സംക്രമണം D) തച്ചന്റെ മകൾ

49. മേഘദൂത് സ്രഗ്ധരവൃത്തത്തിൽ വിവർത്തനം ചെയ്തത്

A) ജി.ശങ്കരക്കുറുപ്പ് B) തിരുനല്ലൂർ കരുണാകരൻ

C) എ,ആർ,രാജരാജ വർമ്മ D) മഠം പരമേശ്വരൻ നമ്പൂതിരി

50. നിഗീർണക ധാതുവിൽ കർത്തൃസ്ഥാനത്തുള്ള ധാതു

A) ഉദ്ദേശിക B) നിർദ്ദേശിക

C) പ്രതിഗ്രാഹിക D) സംബന്ധിക

51. കൊല്ലവർഷം രേഖപ്പെടുത്തിയ ആദ്യരേഖ

A) വാഴപ്പള്ളി ചെപ്പേട് B) തരിസാപ്പള്ളി ശാസനം

C) ജൂതച്ചെപ്പേട് D) മാമ്പള്ളി ശാസനം

52. പ്രകാരം എന്നൊരിനം ------------- പണ്ഡിതന്മാർ സ്വീകരിച്ചിട്ടില്ല

A) സംസ്കൃത B) തമിഴ്

C) യൂറോപ്യൻ D) ഭാഷാശാസ്ത്ര

53. എങ്കിലും തവവായ്നാറ്റമസഹ്യമാ –
ണിന്നിതിനൊരു വഴി വേർപിരിയുക മാത്രം – ആരുടെ വരികൾ?

A) അയ്യപ്പപ്പണിക്കർ B) ചെമ്മനം ചാക്കോ

C) കടമ്മനിട്ട D) വി,കെ.എൻ

For more materials visit www.educationobserver.com/forum

54. ണസ്തസ്യട:– കൊണ്ടു വ്യാഖ്യാനിക്കാവുന്ന പദം
A) മണ്ടീതു B) കണ്ണീർ C) ആണ്ടറുതി D) കർച്ചിറ

55. മധ്യമപുരുഷ ബഹുവചനരൂപമാണ്
A) നീ B) നിങ്ങൾ C) അദ്ദേഹം D) താങ്കൾ

56. ഒറ്റക്കണ്ണൻപക്കി ഏതുകൃതിയിലെ കഥാപാത്രമാണ്?
A) അവനവൻകടമ്പ B) കലി
C) കസേരകളി D) ഭരതവാക്യം

57. അർശോ രോഗികളുടെ കമ്മ്യൂൺ – ഏതു കൃതിയിലാണിത്?
A) ധർമ്മ പുരാണം B) ഗോവർദ്ധനന്റെ യാത്രകൾ
C) പ്രകൃതി നിയമം D) വൃദ്ധസദനം

58. കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട കൃതിയാണ്
A) സകർമ്മകം B) വിശിഷ്ടക്രിയ
C) കാരിതം D) ദ്വികർമ്മകം

59. വിരുദ്ധങ്ങളായ ബിംബങ്ങൾകൊണ്ട് മാലകോർക്കുന്ന കവി രൂപശൈഥി ല്യത്തെ തന്റേതായ രീതിയിൽ ന്യായീകരിക്കുന്നു – കൽപ്പറ്റ നാരായ ണന്റെ നിരീക്ഷണം ആരെക്കുറിച്ചാണ്?
A) അയ്യപ്പപ്പണിക്കർ B) കുഞ്ഞുണ്ണി
C) കക്കാട് D) എ.അയ്യപ്പൻ

60. മുല്ലവള്ളി എന്ന വാക്കിലെ വകാരം ഇരട്ടിക്കാത്തതെന്തുകൊണ്ട്?
A) വകാരം ദൃഢമല്ലാത്തതിനാൽ
B) വിശേഷണവിശേഷ്യമല്ലാത്തതിനാൽ
C) ഉത്തരപദപ്രധാനമാകയാൽ
D) ദ്വന്ദ്വസമാസമായതിനാൽ

61. ഭാഷാപരിമളം ഏതു കൃതിയുടെ വ്യാഖ്യാനമാണ്?
A) രാമചരിതം B) രാമകഥപ്പാട്ട്
C) രാമായണം ചമ്പു D) കണ്ണശ്ശരാമായണം

62. ഇറ്റാലോകാൽവിനോ തൃശ്ശൂർ എക്സ്പ്രസ്സിൽ – ആരുടെ കഥ?
A) ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്
B) സാറാ ജോസഫ്
C) ഗീതാ ഹിരണ്യൻ

For more materials visit www.educationobserver.com/forum

D) പ്രിയ എ.എസ്

63. ദുരന്ത നാടകവുമായി ബന്ധപ്പെട്ട പദം
A) എപിക് തിയറ്റർ
B) സബ്ളൈം
C) അബ്സേഡ്
D) ഹാമേർഷ്യ

64. നപുംസകം എന്നതിനുപകരം നിർലിംഗം എന്നു പ്രയോഗിച്ചത്
A) റവ:മാത്തൻ
B) ഗുണ്ടർട്ട്
C) കോവുണ്ണി നെടുങ്ങാടി
D) കാൽഡ്വൽ

65. പഴഞ്ചൊൽമാലയുടെ കർത്താവ്
A) വേലായുധൻ പണിക്കശ്ശേരി
B) പി.സി.കർത്താ
C) പൗലിനോസ് പാതിരി
D) ഗുണ്ടർട്ട്

66. 'കടുകടെപ്പടു കഠിനസംസ്കൃത വികട കടുകവിത' – ആരുടെ പരിഹാസമാണിത്?
A) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
B) ചേലപ്പറമ്പ്
C) നമ്പ്യാർ
D) വി.കെ.എൻ

67. സമഗ്ര ഗുണാ വൈദർഭീ – ആരുടെ അഭിപ്രായമാണിത്?
A) വാമനൻ
B) ദണ്ഡി
C) ഭാമഹൻ
D) ആനന്ദവർദ്ധനൻ

68. സജാതീയ ദ്വിതീയാക്ഷര പ്രാസം ദീക്ഷിച്ചെഴുതിയ കാവ്യം
A) മേഘദൂത്
B) ശുക സന്ദേശം
C) ഉണ്ണുനീലി സന്ദേശം
D) മയൂര സന്ദേശം

69. ഗ്രന്ഥകാരന്റെ മരണം എന്ന സങ്കൽപനം അവതരിപ്പിച്ചതാര്?
A) ഫെർഡിനാന്റ് ഡിസൊസൂർ
B) റൊളാങ്ബാർത്ത്
C) ഡറീഡ
D) ഫൂക്കോ

70. തീവണ്ടികേറിയെറണാകുളത്തെത്തി പിന്നെ–
ക്കേവഞ്ചിയാണവിടെ നിന്നിവിടംവരേക്കും– കേരളവർമ്മയുടെ ചോദ്യത്തിന് ആരുടെ മറുപടിയാണിത്?
A) വെണ്മണിമഹൻ
B) ഒറവങ്കര
C) നടുവത്തച്ഛൻ
D) ശീവൊള്ളി

71. ദൈവികമായ ഒരു പ്രതികാരം – ആരുടെ കൃതിയാണ്?
A) ആശാൻ
B) കെ.ഭാസ്ക്കരൻ നായർ
C) കെ.എം.പണിക്കർ
D) സ്വദേശാഭിമാനി

For more materials visit www.educationobserver.com/forum

72. ദ പോസ്റ്റ് മോഡേൺ കണ്ടീഷൻ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്
A) ഫ്രെഡറിക് ജയിംസൺ B) ഫുക്കിയാമ
C) ഫൂക്കോ D) ലോത്വാർഡ്

73. സുകുമാർ അഴിക്കോട് ആരെയാണ് മലയാള വിമർശനത്തിന്റെ പിതാവായി വാഴിക്കുന്നത്?
A) കേരളവർമ്മ B) എ.ആർ.രാജരാജവർമ്മ
C) കെ.സി.കേശവപിള്ള D) ഉള്ളൂർ

74. താഴെക്കൊടുത്തിരിക്കുന്നതിൽ ഉറൂബിന്റെ ചെറുകഥ
A) വെപ്പാട്ടി B) പെൺമക്കൾ
C) നേഴ്സ് D) പാവപ്പെട്ടവരുടെ വേശ്യ

75. ഏതുസംഭവത്തിന്റെ പശ്ചാത്തലമാണ് ചിരസ്മരണ എന്ന നോവലിലുള്ളത്?
A) പുന്നപ്രവയലാർ സമരം B) ഒഞ്ചിയം വെടിവെപ്പ്
C) കരിവെള്ളൂർ സമരം D) കയ്യൂർ സമരം

76. വട്ടെഴുത്തിന്റെ മറ്റൊരു പേര്
A) തമിഴ് ബ്രാഹ്മി B) ആര്യ എഴുത്ത്
C) നാനം മോനം D) ഗ്രന്ഥാക്ഷരം

77. ദ്വിതീയാക്ഷരപ്രാസ നിഷ്ഠ ഒഴിവാക്കി രചിച്ച കൃതി
A) ദൈവയോഗം B) യമപ്രമാണ ശതകം
C) അന്യാപദേശശതകം D) മയൂരസന്ദേശം

78. സോപാനസംഗീതത്തിലെ പ്രധാന വാദ്യം
A) തിമില B) ഇടയ്ക്ക
C) ചെണ്ട D) കൈമണി

79. ദക്ഷിണേന്ത്യൻ ഭാഷകളെ ആന്ധ്രദ്രാവിഡങ്ങളെന്ന് വ്യവഹരിച്ചത്
A) സംസ്കൃത ഗ്രന്ഥകാരന്മാർ B) കാൽഡ്വൽ
C) പാശ്ചാത്യർ D) തമിഴ് ഗ്രന്ഥകാരന്മാർ

80. വ്യുൽപന്ന നാമം ഏത്?
A) വാർത്ത B) പാൽ
C) കഷ്ടം D) മുടന്തൻ

81. ഇവനെക്കൂടി സ്വീകരിക്കുക നിളാനദി – ആരെക്കുറിച്ചാണ് പറയുന്നത്?

For more materials visit www.educationobserver.com/forum

A) ആശാൻ B) ഇടപ്പള്ളി
C) ചങ്ങമ്പുഴ D) വൈലോപ്പിള്ളി

82. കേരള ഭാഷാ സാഹിത്യ ചരിത്രം രചിച്ചത്
A) പി.ഗോവിന്ദപിള്ള B) ആർ.നാരായണ പണിക്കർ
C) ഉള്ളൂർ D) പി.ശങ്കരൻ നമ്പ്യാർ

83. 'സ്വദേശാഭിമാനി' യുടെ പ്രഥമ പത്രാധിപർ
A) അബ്ദുൽ ഖാദർ മൗലവി
B) കേസരി
C) ചെങ്കുളത്ത് രാമകൃഷ്ണ പിള്ള
D) സി.പി.ഗോപാലകൃഷ്ണ പിള്ള

84. ശാന്തം രസങ്ങളിൽ ഒന്നായി പരിഗണിച്ചത്
A) അഭിനവ ഗുപ്തൻ B) ഭരതൻ
C) ജഗന്നാഥ പണ്ഡിതർ D) മമ്മടൻ

85. നീലികേശി ഏതു പാട്ടുമായി ബന്ധപ്പെട്ടിരിക്കുന്നു?
A) പഞ്ചവൻകാട് നീലി B) പൊന്നിറത്താൾകഥ
C) പുരുഷാദേവിയമ്മപ്പാട്ട് D) പയ്യന്നൂർപ്പാട്ട്

86. ഒരു സ്നേഹം എന്നുകൂടി പേരുള്ള കാവ്യം
A) മഗ്ദലനമറിയം B) ലീല
C) നളിനി D) കരുണ

87. തേവരുടെ ആന – രചയിതാവ് ആര്?
A) കാവാലം നാരായണപണിക്കർ
B) ജി.ശങ്കരപ്പിള്ള
C) ഓംചേരി
D) കെ.ടി.മുഹമ്മദ്

88. മാനകസ്വരങ്ങൾക്ക് ചട്ടക്കൂട് നിർദ്ദേശിച്ചത്
A) ഡാനിയൽ ജോൺസ് B) ബ്ലൂംഫീൽഡ്
C) ചോംസ്കി D) സസൂർ

89. ചന്തവർണ്ണനയില്ലാത്ത മണിപ്രവാളകാവ്യം
A) ഉണ്ണുനീലി സന്ദേശം B) വൈശികതന്ത്രം
C) അനന്തപുരവർണ്ണനം D) ഉണ്ണിച്ചിരുതേവി ചരിതം

90. കെ.എം തരകന്റെ അഭിപ്രായത്തിൽ അന്യവൽക്കരണവും അപമാനവികരണവും മലയാളത്തിൽ ആദ്യമായി അവതരിപ്പിച്ചത്?

For more materials visit www.educationobserver.com/forum

A) ഒ.വി.വിജയൻ
B) മുകുന്ദൻ
C) എം.പി.നാരായണപിള്ള
D) കോവിലൻ

91. സെക്ഷ്വൽ പൊളിറ്റിക്സ് ആരുടെ കൃതിയാണ്?
A) വെർജീനിയ വൂൾഫ്
B) സിമോങ് ദ ബുവ്വ
C) കേറ്റ് മില്ലറ്റ്
D) ജൂലിയറ്റ് മിച്ചൽ

92. ഈ ശ്ലോകങ്ങളിൽ നിന്ന് അർത്ഥമുണ്ടാക്കുന്നതിനെക്കാൾ അധികം എളുപ്പം പാറപിഴിഞ്ഞു വെള്ളമെടുക്കുന്നതിനാണ്–ഏതു നിരൂപകന്റെ വാക്കുകളാണിവ?
A) മുണ്ടശ്ശേരി
B) സി.പി.അച്യുതമേനോൻ
C) മാരാർ
D) സുകുമാർ അഴീക്കോട്

93. 'ഭൂപ്രഭു' ആരുടെ നോവലാണ്?
A) തകഴി
B) കേശവദേവ്
C) ചെറുകാട്
D) മുട്ടത്തുവർക്കി

94. ഭൂലോകവും സ്വർലോകവും ഒരു നാമത്തിൽ യോജിപ്പിക്കണമെങ്കിൽ ശാകുന്തളം എന്നു പറഞ്ഞാൽ മതി; അതിൽ എല്ലാം അന്തർഭവിച്ചിരിക്കുന്നു – ഇതു പറഞ്ഞതാര്?
A) കീറ്റ്സ്
B) ഗെഥെ
C) ഷെല്ലി
D) ജി.ശങ്കരക്കുറുപ്പ്

95. മലയാള മഹാകാവ്യ രചനകളെ നെടുങ്കുതിരകെട്ടി എഴുന്നെള്ളിപ്പെന്ന് പരിഹസിച്ചതാര്?
A) മാരാർ
B) മുണ്ടശ്ശേരി
C) ആശാൻ
D) കേസരി

96. ആട്ടൊരുഗ്രമാം ചുംബനമോ, നീ
കൂട്ടുകാരിയെപുല്കിയുറങ്ങി – ഏതു കവിതയിലെ വരികളാണിത്?
A) കുരുക്ഷേത്രം
B) കുടുംബപുരാണം
C) മകരക്കൊയ്ത്ത്
D) കുടിയൊഴിക്കൽ

97. കടുത്ത മൃദുത്വം എന്ന് നരേന്ദ്രപ്രസാദ് വിശേഷിപ്പിച്ചത് ഏതു നോവലിനെ?
A) ധർമ്മപുരാണം
B) അധികാരം
C) തോറ്റങ്ങൾ
D) മരുഭൂമികൾ ഉണ്ടാകുന്നത്

98. സ്വപ്നവാസവദത്തവും ഈനക് ആർഡനും താരതമ്യം ചെയ്ത നിരൂപകൻ
A) എം.പി.ശങ്കുണ്ണി നായർ
B) മാരാർ
C) മുണ്ടശ്ശേരി
D) കെ.പി.നാരായണ പിഷാരടി

For more materials visit www.educationobserver.com/forum

99. ഉറുമാൽ ഏതുഭാഷയിൽ നിന്ന് സ്വീകരിച്ച പദമാണ്?

A) അറബി B) പോർത്തുഗീസ്
C) മറാഠി D) പേർസ്യൻ

100. കണ്ടപ്പന്റെ കൊണ്ടാട്ടം എന്ന ചെറുകഥ രചിച്ചതാര്?

A) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
B) അമ്പാടി നാരായണ പൊതുവാൾ
C) എം.ആർ.കെ.സി
D) ഗുണ്ടർട്ട്

101. വാഗർത്ഥാവിവ സംപൃക്തൗ വാഗർത്ഥപ്രതിപത്തയേ
ജഗത:പിതരൗ വന്ദേ പാർവതീ പരമേശ്വരൗ – ഏതു കൃതിയിലാണിതുള്ളത്?

A) അഭിജ്ഞാന ശാകുന്തളം B) മേഘസന്ദേശം
C) കുമാരസംഭവം D) രഘുവംശം

102. 'എന്താണ് ആധുനികത' – ആരുടെ രചനയാണിത്?

A) എം.മുകുന്ദൻ B) നരേന്ദ്രപ്രസാദ്
C) വി.രാജകൃഷ്ണൻ D) കെ.പി.അപ്പൻ

103. അന്യാപദേശരീതി ചെറുകഥയിൽ ഫലപ്രദമായി ഉപയോഗിച്ച എഴുത്തുകാരൻ

A) ടി.പത്മനാഭൻ B) എം.ടി.വാസുദേവൻ നായർ
C) എം.സുകുമാരൻ D) എൻ.എസ്.മാധവൻ

104. വിധേയൻ എന്ന സിനിമയ്ക്ക് ആധാരമായി സ്വീകരിച്ചത് ആരുടെ രചനയാണ്?

A) സി.വി.ശ്രീരാമൻ B) സക്കറിയ
C) സേതു D) മാധവിക്കുട്ടി

105. കവിതയും പദ്യവും ആരുടെ ലേഖനമാണ്?

A) കെ.ആർ.കൃഷ്ണപിള്ള B) സി.അന്തപ്പായി
C) എസ്.ഗുപ്തൻ നായർ D) എം.ആർ നായർ

106. പ്രാചീന കാളിദാസൻ ശബ്ദഭംഗിയിൽ ലേശം മനസ്സുവച്ചില്ല – പറഞ്ഞതാര്?

A) കേരളവർമ്മ B) എ.ആർ.രാജരാജ വർമ്മ
C) മാരാർ D) മുണ്ടശ്ശേരി

107. ഉമ്മാച്ചുവിലെ ഹേംലറ്റ് – ആരുടെ നിരൂപണം?

For more materials visit www.educationobserver.com/forum

A) എം.ലീലാവതി B) എം.എൻ.വിജയൻ
C) സുകുമാർ അഴിക്കോട് D) കെ.പി.അപ്പൻ

108. 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്തചിരി' എഴുതിയത്
A) ശൂരനാട്ടു കുഞ്ഞൻപിള്ള B) കുട്ടികൃഷ്ണ മാരാർ
C) ഇളംകുളം കുഞ്ഞൻപിള്ള D) ഉള്ളൂർ

109. സൃഷ്ടി, സ്ഥിതി, സംഹാരം – ഈ നാടകങ്ങളുടെ രചയിതാവ് ആര്?
A) ജി.ശങ്കരപ്പിള്ള B) കെ.ടി.മുഹമ്മദ്
C) എൻ.കൃഷ്ണപിള്ള D) എൻ.എൻ.പിള്ള

110. സ്വരീകരിച്ച വ്യഞ്ജനമാണ്
A) വർത്സ്യാക്ഷരങ്ങൾ B) മധ്യമങ്ങൾ
C) ഊഷ്മാക്കൾ D) ചില്ലുകൾ

111. പഴശ്ശിരാജയുടെ ജീവിതത്തെ ആസ്പദമാക്കി എഴുതിയ നോവൽ
A) കേരളസിംഹം B) കേരളേശ്വരൻ
C) കേരളപുത്രൻ D) ചിരസ്മരണ

112. 'ആനന്ദ'ത്തിൽ ആരംഭിച്ച് 'പരമാനന്ദ'ത്തിൽ പര്യവസാനിക്കുന്ന ധ്വനിമര്യാദയിൽ രചിച്ച പ്രബോധക കാവ്യം എന്ന് ഡോ.പുതുശ്ശേരി രാമചന്ദ്രൻ
വിശേഷിപ്പിച്ച കൃതി
A) കണ്ണശ്ശഭാരതം B) കണ്ണശ്ശഭാഗവതം
C) രാമചരിതം D) കണ്ണശ്ശരാമായണം

113. പദക്കൊഴുപ്പ് തീരെക്കുറവാണ്. അലങ്കാരങ്ങളെക്കൊണ്ടോ വാഗ്ജാലം കൊണ്ടോ കവിതയ്ക്ക് മോടിപിടിപ്പിക്കുന്നില്ല – ഏതു കവിയെക്കുറിച്ചാണ് ഡോ.എം.ഗംഗാധരന്റെ ഈ നിരീക്ഷണം?
A) കടമ്മനിട്ട രാമകൃഷ്ണൻ B) സച്ചിദാനന്ദൻ
C) ആറ്റൂർ രവിവർമ്മ D) എൻ.എൻ.കക്കാട്

114. നിയമരാഹിത്യമാണ് ഭാഷാമിശ്രത്തിന്റെ നിയമം എന്നഭിപ്രായപ്പെട്ടതാര്?
A) ഇളംകുളം കുഞ്ഞൻപിള്ള B) ശൂരനാട് കുഞ്ഞൻപിള്ള
C) ഡോ.കെ.എം.ജോർജ്ജ് D) ഡോ.കെ.രത്നമ്മ

115. തസ്യ ച കാരണം കവിഗതാ കേവലാപ്രതിഭാ – ആരുടെ നിരീക്ഷണമാണിത്‘?
A) വാമനൻ B) രുദ്രടൻ
C) മമ്മടൻ D) ജഗന്നാഥ പണ്ഡിതർ

For more materials visit www.educationobserver.com/forum

116. വ്യക്തിത്വത്തിന്റെ നാശവും അതിൽനിന്നുള്ള മോചനവുമാണ് സൃഷ്ടി കർമ്മത്തിൽ രചയിതാവിൽ സംഭവിക്കുന്നതെന്ന് അഭിപ്രായപ്പെട്ട ചിന്ത കൻ?

A) അരിസ്റ്റോട്ടിൽ B) ലോംഗിനസ്
C) ടി.എസ്.എലിയറ്റ് D) ഐ.എ.റിച്ചാർഡ്സ്

117. ഒരു യുദ്ധത്തിന്റെ ആരംഭം, ഒരു യുദ്ധത്തിന്റെ അവസാനം എന്നീ ചെറുകഥകൾ രചിച്ചത്

A) എം.സുകുമാരൻ B) ഒ.വി.വിജയൻ
C) പുനത്തിൽ കുഞ്ഞബ്ദുള്ള D) സാറാ ജോസഫ്

118. ഗദ്യസാഹിത്യത്തിന്റെ സവിശേഷതകളായി സംവാദ പരത. ബഹുസ്വരത എന്നിവയെ പ്രതിഷ്ഠിച്ച സൈദ്ധാന്തികൻ

A) ഫെർഡിനാന്റ് ഡിസസൂർ B) റൊളാങ് ബാർത്ത്
C) മിഖായേൽ ബാക്തിൻ D) ഫൂക്കോ

119. ഞാനാ ഈ വീട്ടിൽ കഞ്ഞി വെക്കുന്നത്. ഈ തിണ്ണ മെഴുകിയതു ഞാനാ. ഒരു വീട്ടിലെന്തെല്ലാം ജോലിയുണ്ടോ അതൊക്കെ ഞാൻ ചെയ്യുന്നുണ്ട് – ഏതു
കഥാകൃത്തിന്റെ രചനയാണിത്?

A) സരസ്വതിയമ്മ B) കാരൂർ നീലകണ്ഠപിള്ള
C) തകഴി ശിവശങ്കരപ്പിള്ള D) സാറാ ജോസഫ്

120. തിരയടിച്ചുയർന്ന ജലവേഗങ്ങളടങ്ങി പുഴപിന്മാറി. ഇരവുകളിലെ രഹസ്യ പ്രളയങ്ങളിലും പകലുകളൊഴുക്കിയ ചോരക്കിനാവുകളും തിരുനാവാ യിലെ ബലി സ്മരണകളും വറ്റിവറ്റി പുഴ പിന്മാറി, പാടങ്ങൾ, തോടുകൾ, കുളങ്ങൾ വെള്ളരിവള്ളികൾ – കർഷകന്റെ കൈരേഖകളിൽ നിന്നു പോലും പുഴ പിന്മാറി – ഏതു കവിയുടെ വരികളാണിത്?

A) പി.പി.രാമചന്ദ്രൻ B) കെ.ജി.ശങ്കരപ്പിള്ള
C) റഫീക്ക് അഹമ്മദ് D) എസ്.ജോസഫ്

□□□□□□□□□□□□□□□

□------------------

□□□